JAGRATHA 112

Vol-3 No: 37
06-11-2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only )

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## 43-ാമത് ലോകസാമൂഹ്യസമ്പർക്കമാധ്യമദിനം

**2009 നവംബർ 15 ഞായറാഴ്ച**

**പ്രമേയം: പുതിയ സാങ്കേതികവിദ്യകളും പുതിയ ബന്ധങ്ങളും: ആദരത്തിന്റേയും സംവാദത്തിന്റേയും സൗഹൃദത്തിന്റേയും സംസ്ക്കാരം പ്രോത്സാഹിപ്പിക്കാൻ**

### പരിശുദ്ധ പിതാവിന്റെ സന്ദേശം

പ്രിയ സഹോദരീ സഹോദരന്മാരെ,

അടുത്തുവരുന്ന ലോകമാധ്യമദിനത്തിന് ഒരുക്കമായി ഈ വർഷം തെരഞ്ഞെടുത്തിരിക്കുന്ന 'പുതിയ സാങ്കേതികവിദ്യകളും പുതിയ ബന്ധങ്ങളും ആദരത്തിന്റേയും സംവാദത്തിന്റേയും സൗഹൃദത്തിന്റേയും സംസ്ക്കാരം പ്രോത്സാഹിപ്പിക്കാൻ' എന്ന പ്രമേയത്തെ പുരസ്ക്കരിച്ച് ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാനായി ആഗ്രഹിക്കുന്നു. നിശ്ചയമായും, പുതിയ സാങ്കേതിക വിദ്യകൾ, മനുഷ്യന്റെ സമ്പർക്ക സംസർഗ്ഗരീതികളിൽ സമൂലമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. മുതിർന്നവർക്ക് അന്യമായ ഈ വിദ്യകൾ അവർ ഇനിയും പഠിച്ചുവശത്താക്കേണ്ടിയിരിക്കുമ്പോൾ അവർക്കൊപ്പം വളരുന്ന ചെറുപ്പക്കാർക്ക് ഈ ഡിജിറ്റൽ ലോകം തികച്ചും സ്വന്തമാണ്. ഈ വർഷത്തെ മാധ്യമദിനസന്ദേശത്തിൽ ഞാൻ ഈ ഡിജിറ്റൽ തലമുറയോട്, ചില ആശയങ്ങൾ - പുതിയ സാങ്കേതികവിദ്യകളുടെ അനിതരസാധാരണമായ ശക്തികളെ സംബന്ധിച്ചവ, അവ മനുഷ്യബുദ്ധിയേയും വൈകാരിക ഐക്യത്തേയും അഭിവൃദ്ധിപ്പെടുത്തുമെങ്കിൽ - പങ്കുവയ്ക്കാനായി ആഗ്രഹിക്കുന്നു. നിശ്ചയമായും മനുഷ്യകുലത്തിനുള്ള സമ്മാനം തന്നെയായ അവ വ്യക്തികൾക്കും സമൂഹത്തിനും പ്രയോഗത്തിൽ നല്കുന്ന ഗുണഗണങ്ങൾ പാവപ്പെട്ടവർക്കും അശക്തർക്കും ലഭ്യമാക്കേണ്ടിയിരിക്കുന്നു.

അതീവ പ്രസരണശേഷിയുള്ള മൊബൈൽഫോണുകളും കമ്പ്യൂട്ടറുകളും ആഗോളതലത്തിൽ എവിടെയും കടന്നുചെല്ലുന്നതിനു കഴിവുള്ള ഇന്റർനെറ്റും ഒന്നുചേർന്ന് വാക്കുകളും ചിത്രങ്ങളും ഒരുപോലെ ഭൂഗോളത്തിലെ ഏതൊരു ഒറ്റപ്പെട്ട കോണിലും അതിശയിപ്പിക്കുന്ന ദൂരപരിധികളിൽ നിമിഷാർദ്ധം കൊണ്ട് എത്തിക്കുന്നതിന് ഇന്നുള്ള വിപുലമായ സാധ്യതകൾ മാധ്യമതലമുറകൾക്ക് തികച്ചും അചിന്ത്യങ്ങളായിരുന്നു. നവീനമാധ്യമങ്ങളുടെ, വ്യക്തികൾ തമ്മിലും വ്യക്തികളും സമൂഹങ്ങളും തമ്മിലുമുള്ള അതിവിപുലമായ സമ്പർക്ക

സാധ്യതകൾ, പ്രത്യേകിച്ചും യുവജനങ്ങൾ, ശരിക്കും മനസ്സിലാക്കിയവരാണ്. ആയതിനാൽ അവർ ഇപ്പോഴുള്ള സുഹൃത്തുക്കളുമായ് സംവദിക്കുന്നതിനും പുതിയ സുഹൃത്തുക്കളെ കണ്ടെത്തുന്നതിനും, പുതിയ കൂട്ടായ്മകളും സമ്പർക്കശൃംഖലകളും സൃഷ്ടിക്കുന്നതിനും പുതിയ വാർത്തകളും അറിവുകളും നേടുന്നതിനും അവരുടെ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും നൂതന സാങ്കേതികവിദ്യകളെ ആശ്രയിക്കുന്നു. ആശയവിനിമയത്തിന്റെ ഈ പുതിയ സംസ്കാരം ധാരാളം പ്രയോജനങ്ങൾ ഉള്ളതാണ്. കുടുംബങ്ങൾക്ക് വലിയ ദൂരങ്ങൾ മറികടന്ന് സമ്പർക്കത്തിലായിരിക്കാൻ കഴിയുന്നു.വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ആവശ്യമായ രേഖകൾ,അടിസ്ഥാന പ്രമാണങ്ങൾ, ശാസ്ത്രീയഗവേഷണസ്രോതസ്സുകൾ എന്നിവയുമായി നേരിട്ടുബന്ധപ്പെടുന്നതിനും കഴിയുന്നു. വിദൂരസ്ഥലങ്ങളിൽനിന്ന് ഒരുമിച്ച് പ്രവർത്തിക്കുന്നതിന് സാധിക്കുന്നതോടൊപ്പം ആധുനിക മാധ്യമങ്ങളുടെ പരസ്പരാശയവിനിമയത്തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് അതിശക്തമായ ആശയവിനിമയവും അതുവഴി സാമൂഹികപുരോഗതിയും നേടാൻ കഴിയുന്നു. കാര്യക്ഷമതയിലും വിശ്യാസയോഗ്യതയിലും പുതിയ സാങ്കേതികവിദ്യകൾക്കുണ്ടായ ശീഘ്രപരിണാമം അത്ഭുതകരം തന്നെ. അവയുടെ വിപുലമായ ജനസമ്മതി നമ്മളെ ആശ്ചര്യപ്പെടുത്തേണ്ടതില്ല. കാരണം മനുഷ്യന്റെ ആശയവിനിമയത്തിനും സൗഹൃദത്തിനുമുള്ള അദമ്യമായ ആഗ്രഹത്തെയാണ് അത് പ്രതിനിധാനം ചെയ്യുക. മനുഷ്യന്റെ അടിസ്ഥാന പ്രകൃതിയിൽ നിന്ന് ഉദ്ഭവിക്കുന്ന സൗഹൃദത്തിനും സംവാദത്തിനും വേണ്ടിയുള്ള ഈ ത്വര ആധുനിക സാങ്കേതികവിദ്യകളോടുള്ള മമതയായി കാണേണ്ടതില്ല. പിന്നെയോ, ബൈബിളിന്റെ വെളിച്ചത്തിൽ സകലമനുഷ്യരേയും ഒരു കുടുംബമായി ഒന്നിപ്പിക്കുന്ന ദൈവസ്നേഹത്തിന്റെ ഐക്യത്തിലേക്കുള്ള ആഹ്വാനത്തിനുള്ള പ്രത്യുത്തരമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. മനുഷ്യപ്രകൃതിയിൽത്തന്നെ അന്തർലീനമായിരിക്കുന്ന സമ്പർക്കത്തിന്റെയും സമ്മേളനത്തിന്റെയുമായ ദൈവീകച്ഛായയുടെ പ്രതിഫലനമാണിത്.

ആധുനികസംസ്ക്കാരത്തിൽ വളരെ വ്യക്തമായി ദൃശ്യമാകുന്ന പരസ്പരസമ്പർക്കത്തിലും ഐക്യത്തിലും ആയിരിക്കുന്നതിനുള്ള ഈ താത്പര്യം ശരിക്കും മനസ്സിലാക്കിത്തരുന്നത് മനുഷ്യന്റെ അകലങ്ങളിലേക്ക് ഗമിക്കുന്നതിനും ബഹുജനസമ്പർക്കത്തിനായുമുള്ള ജന്മവാസനയാണ്. യഥാർത്ഥത്തിൽ നമ്മൾ മറ്റുള്ളവരോട് തുറവിയുള്ളവരാകുമ്പോൾ നമ്മുടെ മൗലീകാവശ്യം നിറവേറ്റപ്പെടുകയും കൂടുതൽ മനുഷ്യത്വമുള്ളവരായി തീരുകയുമാണ്. സ്നേഹിക്കുന്നതിനുവേണ്ടിയാണ് സ്രഷ്ടാവ് നമ്മെ രൂപപ്പെടുത്തിയിരിക്കുന്നത്. ആഴമില്ലാത്ത വെറും പൂച്ച് മാത്രമായ സ്നേഹത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്. പിന്നെയോ യേശുനാഥൻ പറഞ്ഞുതന്ന യഥാർത്ഥസ്നേഹത്തെക്കുറിച്ചാണ്: "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടി സ്നേഹിക്കുക...നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക"(മാർക്കോസ് 12: 30 31) ഈ വെളിച്ചത്തിൽ ആധുനികസാങ്കേതികവിദ്യകളെപ്പറ്റി സംസാരിക്കുമ്പോൾ പ്രാധാന്യമർഹിക്കുന്നത് അവരുടെ പരസ്പരസമ്പർക്കത്തിനുള്ള വലിയ കഴിവല്ല. പിന്നെയോ ഈ സമ്പർക്കം വഴി വിനിമയം ചെയ്യപ്പെടുന്ന സന്ദേശത്തിന്റെ ഗുണമാണ്. ആധൂനിക സമ്പർക്കമാധ്യമങ്ങളുടെ ഉപയോക്താക്കളായ സന്മനസ്സുള്ള എല്ലാവരേയും പ്രോത്സാഹിപ്പിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത് - അവർ തങ്ങളുടെ ആശയവിനിമയ പ്രക്രിയയിൽ ആദരത്തിന്റെയും സംവാദത്തിന്റെയും സൗഹൃദത്തിന്റെയും സംസ്കാരം പടുത്തുയർത്തുന്നതിനായിട്ട്.

ആധൂനിക സാങ്കേതികവിദ്യകളിലൂടെ വ്യാപനം ചെയ്യപ്പെടുന്ന വിവരങ്ങളുടെ ഉള്ളടക്കം സൃഷ്ടിക്കുന്നതിൽ വ്യാപൃതരായവർ മനുഷ്യവ്യക്തിയുടെ മഹത്ത്വവും വിലയും ആദരിക്കുന്നവരായിരിക്കണം. പുതിയ സാങ്കേതികവിദ്യകൾ വ്യക്തികളുടേയും സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടിയാകണമെങ്കിൽ അവ പ്രയോഗിക്കുന്നവരെല്ലാം വാക്കുകളും ചിത്രങ്ങളും ഉപയോഗപ്പെടുത്തുമ്പോൾ അവയിലൂടെ വിദ്വേഷവും അസഹിഷ്ണുതയും പ്രോത്സാഹിപ്പിക്കാതെ, മാനുഷികബന്ധങ്ങളുടേയും ലൈംഗീകതയുടേയും നന്മ നശിപ്പിക്കാതെ, ബലഹീനരായവരെ ചൂഷണം ചെയ്യാതെയുമിരിക്കാൻ ശ്രദ്ധിക്കണം. പുതിയ സാങ്കേതികവിദ്യകൾ വ്യത്യസ്ത രാജ്യങ്ങളിലും സംസ്ക്കാരങ്ങളിലും മതങ്ങളിലും ഉൾപ്പെട്ടവരുമായി സമ്പർത്തിലായിരിക്കാൻ

വളരെ സഹായിക്കുന്നുണ്ട്. പുതിയ ഡിജിറ്റൽ ലോകം അഥവ 'സൈബർ സ്പെയ്സ്' അവർക്ക് പരസ്പരം കണ്ടുമുട്ടുന്നതിനും തങ്ങളുടെ പാരമ്പര്യങ്ങളും, മൂല്യങ്ങളും വിനിമയം ചെയ്യുന്നതിനും വേദിയൊരുക്കുന്നു. ഇത്തരം അഭിമുഖങ്ങൾ ഫലപ്രദമാകണമെങ്കിൽ സത്യസന്ധവും അനുയോജ്യവുമായ ആവിഷ്ക്കാര ശൈലിയും പരസ്പരം ശ്രദ്ധയോടെയും ആദരത്തോടെയും കേൾക്കുന്നതിനുമുള്ള താത്പര്യം സ്വീകരിക്കേണ്ടതുണ്ട്. ഇത്തരം അവസരങ്ങളിൽ പരസ്പരധാരണയും സഹിഷ്ണുതയും വർദ്ധമാനമാകണമെങ്കിൽ അന്യോന്യം സത്യാന്വേഷണത്തിൽ ഉറച്ച ആശയവിനിമയം നടത്തിയിരിക്കണം. ജീവിതം സംഭവങ്ങളുടേയും അനുഭവങ്ങളുടേയും ഒരു പരമ്പരയല്ല. അത് സത്യത്തിനും നന്മയ്ക്കും സൗന്ദര്യത്തിനുമായുള്ള അന്വേഷണമാണ്. സത്യന്വേഷണത്തിലാണ് നാം നമ്മുടെ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്, അതിനായാണ് നമ്മുടെ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുന്നത്, അതിലാണ് - സത്യത്തിലും നന്മയിലും സൗന്ദര്യത്തിലുമാണ് നമ്മൾ സന്തോഷവും ആനന്ദവും കണ്ടെത്തുക. നമ്മെ വെറും വില്പനച്ചരക്കായി കാണുന്നവർ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളും സത്യവും മാറ്റി പ്രതിഷ്ഠിക്കുന്നു.

സൗഹൃദം എന്ന ആശയം കഴിഞ്ഞ കുറെകാലമായി ഡിജിറ്റൽ ലോകത്തിലെ സാമൂഹികശൃഖലകളിലെ പദസമുച്ചയത്തിൽ വീണ്ടും പ്രഥമസ്ഥാനം കൈക്കലാക്കിയിരിക്കുകയാണ്. പ്രസ്തുത ആശയം മനുഷ്യസംസ്ക്കാരത്തിന്റെ സമുന്നതമായ നേട്ടം തന്നെയാണ്. നാം നമ്മുടെ സുഹൃദ്ബന്ധങ്ങളിലൂടെയാണ് മനുഷ്യരായി വളരുന്നതും വികസിക്കുന്നതും. ഇക്കാരണത്താൽ യഥാർത്ഥ സൗഹൃദം എക്കാലത്തും മനുഷ്യനനുഭവിക്കാവുന്ന ഏറ്റവും വലിയ നന്മയായി പരിഗണിക്കപ്പെടുന്നു. ആയതിനാൽ സുഹൃദ്ബന്ധം എന്ന ആശയത്തെ നാം ഒരിക്കലും നിസ്സാരവത്ക്കരിക്കരുത്. നമ്മുടെ സൈബർസൗഹൃദങ്ങൾ കുടുംബബന്ധങ്ങളേയും, അയൽബന്ധങ്ങളേയും, ജോലിസ്ഥലത്തും സ്കൂളിലും കളിസ്ഥലത്തും ഉള്ള സൗഹൃദങ്ങളേയും ഉലയ്ക്കുന്നതാകാൻ പാടില്ല. ഇന്റർനെറ്റിലെ സാങ്കൽപ്പികബന്ധങ്ങൾക്ക് അമിതപ്രാധാന്യം നൽകാൻ തുടങ്ങിയാൽ അത് വ്യക്തികളെ സാമൂഹിക ബന്ധങ്ങളിൽ നിന്ന് അകറ്റുകയും; വിശ്രമം, മൗനം, ധ്യാനം എന്നീ മാനുഷിക വളർച്ചയ്ക്കും ആരോഗ്യത്തിനും ആവശ്യമായവയിൽ നിന്നു വേർപെടുത്തി ഒറ്റപ്പെടുത്തുകയും ചെയ്യും.
സുഹൃദ്ബന്ധം ഒരു വലിയ മാനുഷികഗുണമാണ്, എന്നാൽ അതിന്റെ പരമമായ ലക്ഷ്യത്തിൽ നിന്നു വ്യതിചലിച്ച് അതിനെത്തന്നെ ലക്ഷ്യമാക്കിയാൽ അതിന്റെ മഹത്ത്വം നഷ്ടപ്പെടുന്നതാണ്. സുഹൃത്തുക്കൾ പരസ്പരം സഹായിച്ചും സഹകരിച്ചും തങ്ങളുടെ കഴിവുകൾ വളർത്തിയെടുത്തും അവ മനുഷ്യകുലത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്തണം. ഈ സന്ദർഭത്തിൽ മനുഷ്യനന്മയെ മുൻനിർത്തി രൂപം കൊണ്ടിട്ടുള്ള ഡിജിറ്റൽ ശൃഖലകളുടെ, മാനുഷിക ഐക്യത്തെയും സമാധാനത്തേയും നീതിയെയും വളർത്തുന്ന സമീപനം സന്തോഷപ്രദമാണ്. ഇത്തരം ശൃംഖലകൾക്ക് വ്യത്യസ്ത മേഖലകളിൽ നിന്നും സംസ്ക്കാരങ്ങളിൽ നിന്നുമുള്ള, ജനങ്ങൾ തമ്മിലുള്ള സഹകരണം വളർത്തുന്നതിനും അന്യോന്യം ഉള്ള ഉത്തരവാദിത്വബോധം പൊതുനന്മയ്ക്കുവേണ്ടി വർദ്ധിപ്പിക്കുന്നതിനും കഴിയും. ആയതിനാൽ ഇത്തരം ഡിജിറ്റൽ ശൃംഖലകൾ എവിടെയെല്ലാം സാധ്യമാണോ അവിടെയൊക്കെ അവ എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന് ഉറപ്പ് വരുത്തണം . മനുഷ്യകുലത്തിന് ആശയവിനിമയത്തിനുള്ള അതിവേഗ നൂതനമാർഗ്ഗങ്ങൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് അപ്രാപ്യമായി വന്നാൽ ഭാവിയിൽ അത് പാവപ്പെട്ടവരുമായുള്ള അകലം വർദ്ധിപ്പിക്കുകയും വരും കാലത്ത് മനുഷ്യപുരോഗതിയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

കത്തോലിക്ക യുവജനങ്ങളെ ഉദ്ദേശിച്ച് ചിലകാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഡിജിറ്റൽ ലോകത്തിനായുള്ള അവരുടെ വിശ്വാസസാക്ഷ്യം ബലപ്പെടുത്തികൊണ്ട് ഞാനീ സന്ദേശം ഉപസംഹരിക്കാനുദ്ദേശിക്കുന്നു.

പ്രിയ സഹോദരങ്ങളേ, ഇൻഫർമേഷൻ ടെക്നോളജിയുടെ ഈ പുതിയ സാസ്ക്കാരിക പരിതോവസ്ഥയിലേക്ക് നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ നേടിയിട്ടുള്ള മൂല്യങ്ങൾ പ്രസരിപ്പിക്കുക. സഭയുടെ ആദ്യകാലചരിത്രത്തിൽ ശ്രേഷ്ഠരായ അപ്പോസ്തലന്മാരും അവരുടെ ശിഷ്യരും ക്രിസ്തുനാഥന്റെ സുവിശേഷം ഗ്രീസിലും റോമിലും കൊണ്ടുചെന്നു. അവരുടെ സംസ്ക്കാരങ്ങളും ആചാരങ്ങളും മനസ്സിലാക്കിക്കൊണ്ട്

അവരുടെ മനസ്സിൽ തട്ടുന്ന രീതിയിലാണ് അവർ സുവിശേഷ പ്രഘോഷണങ്ങൾ നടത്തിയത്, അതുപോലെ തന്നെ ഇന്നും സൈബർസംസ്ക്കാരത്തിന്റെ പൊരുൾ അറിഞ്ഞുകൊണ്ടേ ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കാൻ കഴിയൂ. ഈ സംസ്ക്കാരം ശരിക്കും മനസ്സിലാക്കിയ യുവജനങ്ങൾക്കേ ഈ ഡിജിറ്റൽ ലോകത്തെ സുവിശേഷവത്ക്കരിക്കുന്നതിനുള്ള ഉത്തരവാദിത്ത്വം ഏറ്റെടുക്കാൻ സാധിക്കൂ. നിങ്ങളുടെ സഹവർത്തികൾക്ക് ആവേശത്തോടെ സുവിശേഷസന്ദേശം നൽകാൻ മറക്കാതിരിക്കുക. അവരുടെ പ്രതീക്ഷകളും താത്പര്യങ്ങളും ഭയാശങ്കകളും നിങ്ങൾക്കറിവുള്ളതാണല്ലോ. അവർക്കുനൽകാനുള്ള നിങ്ങളുടെ ഏറ്റവും വലിയ സമ്മാനം മനുഷ്യനായ ദൈവത്തെയാണ് – സഹിക്കുകയും മരിക്കുകയും സർവരേയും രക്ഷിക്കുന്നതിനുവേണ്ടി ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത ദൈവത്തെക്കുറിച്ചുള്ള സുവിശേഷം. മനുഷ്യഹൃദയങ്ങൾ സ്നേഹം നിലനിൽക്കുന്ന ലോകത്തിനായി ദാഹിക്കുകയാണ്, നന്മകൾ പങ്കുവയ്ക്കുന്ന, ഐക്യം വളർത്തുന്ന; സ്വാതന്ത്ര്യം സത്യത്തിൽ അർത്ഥം കണ്ടെത്തുന്ന; ആദരത്തോടെയുള്ള ഐക്യത്തിൽ വ്യക്തിത്വം കണ്ടെത്തുന്ന ലോകം. ഈ പ്രതീക്ഷകൾക്ക് നമ്മുടെ വിശ്വാസത്തിന് ഉത്തരം നൽകാൻകഴിയും – നിങ്ങൾ ആ വിശ്വാസത്തിന്റ പ്രചാരകരാകുക, പാപ്പ നിങ്ങളോടൊപ്പമുണ്ട്, തന്റെ പ്രാർത്ഥനയിലൂടെ, ആശീർവാദത്തിലൂടെ.

**വത്തിക്കാനിൽ നിന്ന് 24 ജനുവരി 2009, വിശുദ്ധ ഫ്രാൻസീസ് സാലസിന്റെ തിരുനാൾദിനത്തിൽ,**
**ബനഡിക്ട് 16–ാമൻ പാപ്പ**

## ഇന്റർനെറ്റ്

‘നെറ്റ്’ എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇന്റർനെറ്റ് ലോകമെമ്പാടുമുള്ള കമ്പ്യൂട്ടർ ശൃംഖലകളുടെ ബൃഹത്തായ ഒരു ശൃംഖലയാണ്. (മീഡിയ ഡേ പോസ്റ്ററിന്റെ പശ്ചാത്തലം ശ്രദ്ധിക്കുക). ഈ ശൃംഖലയിലെ ഒരു കണ്ണിയായ കമ്പ്യൂട്ടർ ഉപഭോക്താവിന് ലോകത്തെവിടെയെങ്കിലുമുള്ള മറ്റൊരു കമ്പ്യൂട്ടറിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രസ്തുതകമ്പ്യൂട്ടർ ഉപഭോക്താവുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനും സാധിക്കും. അമേരിക്കൻ ഗവൺമെന്റിന്റെ Advanced Research Projects Agency(APRA), 1969 ൽ വിഭാവനം ചെയ്ത ഈ സംവിധാനം APRANET എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. ഒരു യൂണിവേഴ്സിറ്റിയിലെ റിസേർച്ച് കമ്പ്യൂട്ടറിന് മറ്റ് യൂണിവേഴ്സിറ്റികളിലെ റിസേർച്ച് കമ്പ്യൂട്ടറുകളിൽനിന്ന് ആവശ്യമായ വിവരങ്ങൾ കൈമാറുക എന്നതായിരുന്നു ആരംഭകാലത്ത് ഈ സംവിധാനം കൊണ്ട് ഉദ്ദേശിക്കപ്പെട്ടിരുന്നത്. ഇത്തരത്തിൽ അന്യോന്യം കൈമാറ്റം ചെയ്യപ്പെടുന്ന വിവരങ്ങൾ ശൃംഖലയിലെ ഏതെങ്കിലും ഒരു കമ്പ്യൂട്ടറിന് നാശം സംഭവിച്ചാലും (യുദ്ധം മൂലമോ, മറ്റ് അത്യാഹിതങ്ങൾ മൂലമോ) നഷ്ടപ്പെടുന്നില്ല എന്നതാണ് APRANET ന്റെ  വിജയം.

ഇന്ന് ഇന്റർനെറ്റ് പൊതുവായ, സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന, സ്വന്തമായ നിലനിൽപ്പുള്ള, ലോകത്തെമ്പാടും കോടികണക്കിന് ഉപഭോക്താക്കളുള്ള ഒരു മഹാസംവിധാനമാണ്. ബാഹ്യമായി, ഇത് ഇന്ന് നിലവിലുള്ള ടെലികമ്യൂണിക്കേഷൻ സംവിധാനത്തിന്റെ ഏതാനും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. സാങ്കേതികമായി ഇതിനെ വ്യത്യസ്തമാക്കുന്നത് ഇന്റർനെറ്റിൽ ഉപയോഗത്തിലിരിക്കുന്ന ഒരുതരം ‘നടപടി ചിട്ടകൾ’(Protocols) ആണ്. TCP/IP അഥവ Transmission Control Protocol/ Internet Protocol എന്നിവ. ഇവയിലൂടെ ഒരു കമ്പ്യൂട്ടറിന് ഫോൺ കണക്ഷൻ പോലുള്ള സൗകര്യമുപയോഗിച്ച് വിവരങ്ങളും ചിത്രങ്ങളും ശബ്ദങ്ങളും ശൃഖലയിലെ മറ്റൊരു കമ്പ്യൂട്ടറിലേക്ക് അയക്കുന്നതിനും തിരിച്ച് സ്വീകരിക്കുന്നതിനും കഴിയും. ഇന്റർനെറ്റിലൂടെ വ്യക്തിയെയോ സ്ഥാപനത്തെയോ കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് വെബ്സെറ്റ്, ബ്ലോഗ്, ടിറ്റർ, തുടങ്ങിയവയും പരസ്പരം കത്തുകളയക്കുന്നതിന് ഈ- മെയിലും ഉപയോഗിക്കുന്നു.

ഇന്റർനെറ്റ് ഇന്നൊരു മായാ പ്രപഞ്ചം തന്നെയാണ്. worldwideweb (www), വെബ്, സൈബർസ്പെയിസ് എന്നൊക്കെ അറിയപ്പെടുന്ന ഈ ലോകത്തിലേക്ക് ഒരു വ്യക്തിക്ക് സ്വഭവനത്തിലെ സ്വകാര്യതയിലിരുന്നുകൊണ്ട് ഒരു കമ്പ്യൂട്ടറിലൂടെ പ്രവേശിക്കാം. ഈ മായാപ്രപഞ്ചം അനുവദിക്കുന്ന അതിസ്വകാര്യത ഏത് തരത്തിലുള്ള വിവരാന്വേഷണവും സാധ്യമാക്കാം. ഇക്കിളിപ്പെടുത്തുന്ന വിവരങ്ങൾ പങ്കുവയ്ക്കുന്ന നിരവധി വെബ്സൈറ്റുകൾ ഇന്ന് നിലവിലുണ്ട്. ഇവയിലൂടെ അശ്ലീലസാഹിത്യവും ചിത്രങ്ങളും പ്രചരിപ്പിക്കുന്നവർ നിരവധിയാണ്. ഈ- മെയിലിലൂടെ ധാരാളം കബളിപ്പിക്കലുകളും നടന്നുവരുന്നു. യുവജനങ്ങളുടെ ഹരമായ സൈബർലോകം നല്ല ബന്ധങ്ങളും, നല്ല സംസ്ക്കാരവും സത്യവും നീതിയും സദ്വാർത്തയും പ്രചരിപ്പിക്കണം. ആദരവും, ബഹുമാനവും, നന്മയും, സൗഹൃദവും പങ്കുവയ്ക്കുന്ന മേഖലയായി മാറണം. തിന്മയുടെ കേന്ദ്രങ്ങളായി അധപതിക്കാതെ യുവജനങ്ങൾ സൈബർലോകത്തെ തങ്ങളുടെ നന്മനിറഞ്ഞ ശ്രദ്ധയോടെയുള്ള പ്രവർത്തനങ്ങൾ കൊണ്ട് സമുദ്ധരിക്കണം.

## പാപ്പയുടെ മാധ്യമസന്ദേശം: പ്രസംഗകുറിപ്പ്

പരിശുദ്ധ പിതാവ് ബെനഡിക്ട് 16–ാമൻ പാപ്പ 43–ാം ലോകമാധ്യമദിനസന്ദേശത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത് ഇതാണ്: ഇന്ന് അതിവേഗത്തിൽ ഡിജിറ്റലൈസ് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ലോകത്തിൽ നമ്മൾ ആദരത്തിന്റേയും സംവാദത്തിന്റേയും സൗഹൃദത്തിന്റേയും സംസ്ക്കാരം കരുപിടിപ്പിക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. സന്ദേശം പ്രധാനമായും ഉദ്ദേശിക്കുന്നത് ഡിജിറ്റൽ തലമുറയായ യുവതലമുറയെയാണ് – എന്നാൽ മുതിർന്ന തലമുറ ഒഴിവാക്കപ്പെട്ടിട്ടില്ലതാനും. ആധുനികസാങ്കേതിവിദ്യകൾ, പാപ്പയുടെ അഭിപ്രായത്തിൽ, നവീനരീതിയിലുള്ള ബന്ധങ്ങൾ സ്ഥാപിച്ചെടുക്കുന്നത് ആളുകൾക്ക് എളുപ്പമായിരിക്കുകയാണ്. സാങ്കേതിവിദ്യകൾ നൂതനമായിരിക്കാം, എന്നാൽ പരസ്പരം ബന്ധത്തിലായിരിക്കുന്നതിനുള്ള മനുഷ്യന്റെ താത്പര്യം മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുള്ളതാണ്. ആത്യന്തികമായി, മനുഷ്യനെക്കുറിച്ചുള്ള ദൈവീകപദ്ധതിയും അതാണ്. മറ്റുള്ളവരോട് തുറവിയുള്ളവരായിരിക്കുമ്പോൾ നാം പൂർണ്ണണമനുഷ്യരായിരിക്കുന്നതിനുള്ള നമ്മുടെ ആഴത്തിലുള്ള ആവശ്യം പൂർത്തികരിക്കുകയാണ്. സ്രഷ്ടാവ്,വാസ്തവത്തിൽ, നമുക്കായി തയ്യാറാക്കിയിരിക്കുന്ന പദ്ധതി സ്നേഹിക്കുക എന്നതാണ്. ഈ ഐക്യത്തിനും പരസ്പരബന്ധത്തിനും വേണ്ടിയുള്ള ആഗ്രഹം, അതിന്റെ പരമമായ പൂർത്തീകരണം, ദൈവമായുള്ള അഭിമുഖത്തിലാണ് സംഭവിക്കുക. ദൈവത്തിൽ വിലയം പ്രാപിക്കുന്നതുവരെ മനുഷ്യഹൃദയം അസ്വസ്ഥമായിരിക്കും! സെന്റ് അഗസ്റ്റിനോടൊത്ത് നമുക്ക് പറയാൻകഴിയും, നമ്മുടെ ഹൃദയങ്ങൾ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്നും ദൈവത്തിൽ മാത്രമേ നമുക്ക് ശരിയായ അർത്ഥവും സന്തോഷവും അനുഭവിക്കാൻ കഴിയുകയുള്ളുവെന്നും. സാമൂഹികശൃംഖലകളിലൂടെയുള്ള അതിവേഗസന്ദേശപ്രവാഹങ്ങളുടെ അർത്ഥം യുവജനങ്ങളിലെ സുവിശേഷത്തിനായുള്ള അടിസ്ഥാന ആവശ്യത്തെയാണ് പ്രത്യക്ഷീകരിക്കുക–ദൈവം അവരെ നിരുപാധികമായി സ്നേഹിക്കുന്നു എന്നും ദൈവത്തോടും, മനുഷ്യരോടുമുള്ള സ്നേഹബന്ധത്തിലേക്ക് അവർ ക്ഷണിക്കപ്പെട്ടിരിക്കുന്നു എന്നുമുള്ള സുവിശേഷം. പാപ്പ യുവജനങ്ങളെ അവർക്ക് നൈസർഗ്ഗീകമായി പ്രത്യേകബന്ധമുള്ള ഡിജിറ്റൽ ലോകത്തിന്റെ സുവിശേഷപ്രഘോഷകരാകാൻ ക്ഷണിക്കുകയാണ്.

ക്രൈസ്തവരായ നാം സുവിശേഷവത്ക്കരിക്കുന്നതിന് ആഗ്രഹിക്കുന്ന സംസ്ക്കാരത്തെക്കുറിച്ച് ശരിയായി അറിയണം. ആദിമ സഭയിൽ അപ്പോസ്തലരും അവരുടെ ശിഷ്യരും യേശുവിന്റെ സുവിശേഷം ഗ്രീസിലും റോമിലും പ്രഘോഷിച്ചു. അന്നും ഫലദായകമായ പ്രഘോഷണം ശ്രദ്ധയോടെയുള്ള അന്നാട്ടുകാരുടെ സംസ്ക്കാരത്തേയും രീതികളേയും പഠിപ്പിക്കുന്നതിലൂടെയാണ് അവരുടെ ഹൃദയകവാടങ്ങളിൽ മുട്ടുന്നതിനും, മനസ്സിൽ പ്രവേശിക്കുന്നതിനും ഉപാധിയായത്. അതുപോലെ ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ചുള്ള സമഗ്രമായ പരിജ്ഞാനത്തിലൂടെ മാത്രമേ നമ്മുടെ ദൗത്യം ശരിയായി നിർവഹിക്കുന്നതിനു സാധിക്കൂ.

എല്ലാവർക്കും വേണ്ടി എല്ലാമാകുന്നതിന് നാഥൻ സ്വജനങ്ങളിൽ നിന്ന് അകന്നുനിലകൊണ്ടു. ഇന്റർനെറ്റ് സംവിധാനം ലോകത്തിന്റെ മുക്കിലും മൂലയിലും സുവിശേഷം എത്തിക്കുന്നതിന് ഉതകുന്നതാണ്. ശിഷ്യരെപ്പോലെ നമ്മുടെ സമകാലികരെ നാഥന്റെ സുവിശേഷസാന്നിദ്ധ്യത്തിലേക്ക് നയിക്കുന്നതിന് നാം പഠിക്കണം. സുഹൃത്തുക്കൾ വളരെ പെട്ടെന്നുതന്നെ തങ്ങൾക്ക് പ്രാധാന്യം ഉള്ളവ പങ്കുവയ്ക്കുന്നു. സുവിശേഷങ്ങളിലെ സദ്വാർത്ത പങ്കുവയ്ക്കുന്നതും സൗഹൃദത്തിന്റെ പ്രകൃതിസഹജമായ പരിണതഫലമാണ്. പാപ്പയുടെ സന്ദേശം പുതിയ സാങ്കേതിക വിദ്യകൾക്ക് പുതിയ ബന്ധങ്ങളെ പ്രചോദിപ്പിക്കാനും സഹായിക്കുവാനുമുള്ള കഴിവുകളെ അടിവരയിട്ട് പ്രഖ്യാപിക്കുന്നു. അവയുടെ ആദരവും സംവാദവും സൗഹൃദവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള കഴിവിനെ ഉയർത്തി പറയുന്നു. സൗഹൃദം ആഗോളതലത്തിൽസ്വീകാര്യമായ ഒരു ഗുണമായതിനാൽ അതിനു വഴിയൊരുക്കുന്ന ആധുനിക സാങ്കേതികവിദ്യകൾ മറ്റുജനങ്ങളേയും സംസ്ക്കാരത്തേയും മനസ്സിലാക്കുന്നതിന് ഉപകരിക്കും.

യഥാർത്ഥ സൗഹൃദത്തിന്റെ സവിശേഷതയായ ആദരവ് മറ്റുള്ളവരോടുള്ള എല്ലായിടപാടുകളിലും ഉണ്ടായിരിക്കണം. മാധ്യമങ്ങൾക്കായി വാർത്തയൊരുക്കുന്നവർ മറ്റുള്ളവരെ ആദരിക്കുകയും സത്യത്തിനും നന്മയ്ക്കുമായി നിലകൊള്ളുകയും മാനുഷികബന്ധങ്ങളും ലൈംഗീകതയും ചൂഷണം ചെയ്യാതിരിക്കുകയും വേണം. മറ്റുവിശ്വാസങ്ങളിൽപ്പെട്ടവരോട് സംസാരിക്കുമ്പോഴും ഈ ബഹുമാനം പുലർത്തണം., അവരുടെ വിശ്വാസങ്ങളെയും സംസ്ക്കാരങ്ങളെയും സംബന്ധിച്ചുള്ള കാര്യങ്ങളിൽ, ഇത്തരം കൂടിക്കാഴ്ചകൾ ഫലദായകമാകുന്നതിന് ഉദാത്തമായ പ്രതികരണങ്ങളും ആദരവോടെയുള്ള ശ്രദ്ധയും ആവശ്യമാണ്. ഇത്തരം സംവാദങ്ങൾ വികസനവും അംഗീകാരവും സാധിക്കുന്ന സത്യാന്വേഷണങ്ങളായിരിക്കും. അവസാനമായി, പാപ്പയുടെ സന്ദേശം പറയുന്നു: സൗഹൃദം എല്ലാവരേയും ഉൾക്കൊള്ളുന്നതായിരിക്കണം. ആരെയും ഒഴിവാക്കുന്നതായിരിക്കരുത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സാമൂഹികമായി തരം താഴ്ത്തപ്പെട്ടിരിക്കുന്നവർക്കും ഡിജിറ്റൽ ലോകം പ്രാപ്യമാക്കുവാൻ നാം യത്നിക്കണം.

## ചില നിർദ്ദേശങ്ങൾ

1. മാർപാപ്പയുടെ ലോകസമ്പർക്കമാധ്യമദിനസന്ദേശം പ്രാദേശികഭാഷകളിലേക്ക് തർജ്ജമ ചെയ്ത് ഇടവകകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും വിതരണം ചെയ്യുക.
2. പ്രധാനആശയങ്ങൾ നമ്മുടെ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.
3. സന്ദേശത്തിന്റെ പ്രമേയം അടിസ്ഥാനമാക്കി ഉപന്യാസം, പോസ്റ്റർ, ക്വിസ്, പ്രസംഗം, കാപ്ഷൻ മൽസരങ്ങൾ സംഘടിപ്പിക്കുക.
4. ഇടവകകളിലോ, വിദ്യാഭ്യാസസ്ഥാപനങ്ങളിലോ, കത്തോലിക്ക സമൂഹത്തിനോ, വിദ്യാർത്ഥികൾക്കോ, പൊതുജനങ്ങൾക്കോ, മാധ്യമപ്രവർത്തകർക്കോ സിമ്പോസിയമോ, സെമിനാറോ നടത്തുക.
5. ഇടവകകളിലോ, വിദ്യാഭ്യാസസ്ഥാപനങ്ങളിലോ മാധ്യമ വിദ്യാഭ്യാസ സെമിനാർ സംഘടിപ്പിക്കുക.
6. 2009 നവംബർ 15 ന് ലോകസമ്പർക്കമാധ്യമദിനം ആചരിക്കുകയും തിരുകർമ്മത്തിനിടയ്ക്ക് മാർപാപ്പയുടെ സന്ദേശം ആസ്പദമാക്കി പ്രസംഗിക്കുകയും മാധ്യമപ്രവർത്തകർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക.
7. നിങ്ങളുടെ പ്രദേശത്തുള്ള സെക്കുലർ മാധ്യമപ്രവർത്തകരുമായി മാർപാപ്പയുടെ സന്ദേശമോ, പ്രധാന ആശയങ്ങളേയും കേന്ദ്രീകരിച്ച് ചർച്ച നടത്തുക.
8. സന്ദേശത്തിലെ പ്രധാനപ്രമേയത്തെ ആസ്പദമാക്കി ലേഖനങ്ങളും അഭിപ്രായങ്ങളും എഴുതി പ്രാദേശിക പത്രങ്ങളിലും മാസികകളിലും പ്രസിദ്ധപ്പെടുത്തുക.
9. യുവജനങ്ങൾ, സ്ത്രീകൾ, പാസ്റ്ററൽ കൗൺസിൽ, പാരീഷ് കൗൺസിൽ തുടങ്ങിയ ഗ്രൂപ്പുകളിൽ നവീനസമ്പർക്കമാധ്യമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും സുവിശേഷപ്രഘോഷണത്തിനും മതബോധനത്തിനും ആതു

രശുശ്രൂഷ അജപാലനത്തിനും, ദരിദ്രരായവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും സാമൂഹികവികസന സംരഭങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് വിചിന്തിനവും നടത്തുക.

10. പൊതുചടങ്ങുകൾ സംഘടിപ്പിച്ചുകൊണ്ട് നിങ്ങളുടെ നാട്ടിലുള്ള മാധ്യമപ്രതിഭകളെ ആദരിക്കുകയും പ്രസ്സ്, റേഡിയോ, സിനിമ, ടെലിവിഷൻ, നാടോടിക്കലകൾ തുടങ്ങിയവയിലൂടെ അവർ നടത്തുന്ന സുവിശേഷവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

11. ഇടവകകളിലും സ്ഥാപനങ്ങളിലും മാധ്യമശുശ്രൂഷയിലൂടെ വിവരശേഖരണവും പരിപാലനവും വഴി ഭരണകാര്യങ്ങൾ എങ്ങനെ മെച്ചപ്പെടുത്താമെന്ന് പഠിക്കുക.

12. ലോകസമ്പർക്കമാധ്യമദിനത്തിൽ (നവംബർ 15) ഭാരതസഭയിലെ മാധ്യമശുശ്രൂഷകർക്കായി ഒരു ഫണ്ടുപിരിവു നടത്തുക.